(എ) റേഷൻ അരി കടത്തിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) 2015 ജനുവരി മുതൽ ജൂൺ 30 വരെ ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 250 കേസ്സുകൾ നിലവിലുണ്ട്.

(ബി) 35 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഗുരുതരരോഗം ബാധിച്ചവരുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കുന്നതിനുള്ള തടസ്സം

186 (3936) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ, കിഡ്നി രോഗം, തലച്ചോറിന്റെ രോഗം തുടങ്ങിയ ഗുരുതരമായ രോഗം ബാധിച്ചവർ ഉൾപ്പെട്ട റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) മേൽ പറഞ്ഞവരുടെ റേഷൻകാർഡുകളിൽ ഇപ്രകാരം തിരുത്തലുകൾ വരുത്തുന്നതിന് എന്താണ് ചെയ്യേണ്ടത്, ഇതിനുവേണ്ടി സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണ്, ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; ഇപ്രകാരം ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിന് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കപ്പെട്ടാൽ എത്ര ദിവസങ്ങൾക്കുള്ളിൽ റേഷൻ കാർഡിൽ മാറ്റം വരുത്തി തിരികെ ലഭിക്കുമെന്ന് പറയാമോ ;

(സി) ഗുരുതരമായ രോഗങ്ങൾ ബാധിച്ചവരും ബി.പി.എൽ. വിഭാഗമായിട്ടും റേഷൻ കാർഡിൽ തെറ്റായി എ.പി.എൽ. എന്ന് രേഖപ്പെടുത്തി ലഭിച്ചവരുമായ ആളുകൾക്ക് റേഷൻ കാർഡിൽ ബി.പി.എൽ. എന്ന് തിരുത്തി കിട്ടുന്നതിനുവേണ്ടി ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് സപ്ലൈ ഓഫീസുകളിലും എത്തുമ്പോൾ വിവിധ തടസ്സങ്ങൾ ഉയർത്തി അവരെ തിരിച്ചയയ്ക്കുന്ന നടപടി ജീവനക്കാർ സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇപ്രകാരമുള്ള കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്യാൻസർ, കിഡ്നി രോഗം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവരെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ (കൈ) നമ്പർ 112/2012/ത.സ്വ.ഭ.വ. തീയതി 27-4-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ബി.പി.എൽ. റേഷൻ കാർഡ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ പറഞ്ഞവരുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിന് ടി രോഗബാധിതർ അവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്. ടി അപേക്ഷകൾ ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർക്കും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിനും റിപ്പോർട്ടിനായി നൽകുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും ജില്ലാ സപ്ലൈ ഓഫീസറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കളക്ടർ ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനാവശ്യ തടസ്സങ്ങൾ ഉയർത്തി കാർഡ് നിഷേധിച്ചാൽ ബന്ധപ്പെട്ട ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കും.

പട്ടിക-ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് റേഷൻകാർഡ്

187 (T 3937) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത്ര പട്ടിക-ഗോത്ര വർഗ്ഗ കുടുംബങ്ങൾക്കാണ് അപേക്ഷ നൽകിയിട്ടും റേഷൻ കാർഡ് ഇല്ലാത്തതെന്ന് വിശദമാക്കാമോ ;

(ബി) റേഷൻ കാർഡ് നൽകാൻ വൈകുന്നതുകൊണ്ട് ഇവർക്ക് ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ കിട്ടാതാകുന്ന സ്ഥിതി ഉണ്ടാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏത്ര പട്ടിക-ഗോത്ര വർഗ്ഗക്കാരുടെ റേഷൻ കാർഡിനുള്ള അപേക്ഷയാണ് ഓരോ ജില്ലയിലും കെട്ടികിടക്കുന്നത് എന്ന് അറിയിക്കുമോ ;

(ഡി) ഈ വിഭാഗത്തിന് എത്രയും വേഗം റേഷൻ കാർഡ് ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷ നൽകിയ എല്ലാവർക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇത്തരം അപേക്ഷകൾ ഒന്നും ജില്ലകളിൽ കെട്ടിക്കിടക്കുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് റേഷൻ കാർഡ് നൽകുന്നുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly